പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരുടെ തസ്തിക അംഗീകാരം

16 (3737) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പല്ലശ്ശന വി.ഐ.എം. ഹയർ സെക്കണ്ടറി സ്കൂളിൽ 2013 മുതൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്ന മൂന്ന് അദ്ധ്യാപകരുടെ തസ്തിക അംഗീകാരം നാളിതുവരെ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ തസ്തിക അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത അദ്ധ്യാപകരുടെ തസ്തിക അംഗീകരിച്ച് നൽകാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം

17 (3739) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നിയമനം അംഗീകരിച്ച് നൽകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദവിവരം എ.ഇ.ഒ., ഡി.ഇ.ഒ. തലത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എ.ഇ.ഒ. മുതൽ ഡി.പി.ഐ. വരെ അദ്ധ്യാപകരുടെ വിവിധ പരാതികളും നിവേദനങ്ങളും തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നത് പരിഹരിക്കുവാൻ എല്ലാ അദ്ധ്യയന വർഷവും അദാലത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും നിയമാനുസൃതമായ വിവിധ ആവശ്യങ്ങൾ അംഗീകരിച്ച് നൽകാതെ ബുദ്ധിമുട്ടിക്കുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി). തസ്തിക നിർണ്ണയത്തിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും അദ്ധ്യാപക പാക്കേജ് സംബന്ധിച്ച 1-10-2011-ലെ സ.ഉ.(പി) 199/2011/പൊവിവ. നമ്പർ സർക്കാർ ഉത്തരവ് പിൻവലിച്ചുകൊണ്ടും പുതിയ ഉത്തരവ് നിലവിൽ വരുന്നതോടെ നിയമനവുമായി ബന്ധപ്പെട്ട ധാരാളം പരാതികൾക്ക് തീർപ്പുണ്ടാകുന്നതാണ്. അർഹമായ അവകാശങ്ങൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

സ്കൂളുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ

18 (3740) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഭിന്നശേഷിയുള്ള എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; എയ്ഡഡ്-സർക്കാർ മേഖല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി സർക്കാർ നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടോ ; ഏതെല്ലാം ;

(സി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ ആരംഭത്തിൽ തന്നെ എയ്ഡഡ് പദവിയുള്ളവ ഉണ്ടായിരുന്നോ ; ഇതിൽ എത്ര സ്കൂളുകൾക്കാണ് സർക്കാർ ഇപ്പോൾ എയ്ഡഡ് പദവി നൽകിയിട്ടുള്ളത് ; കൂടുതൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; എയ്ഡഡ് പദവി നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) എയ്ഡഡ് പദവി നൽകുന്ന ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനവും അദ്ധ്യാപകരേതര ജീവനക്കാരുടെ നിയമനവും സംബന്ധിച്ച് വ്യവസ്ഥ എങ്ങനെയാണെന്ന് വിശദമാക്കാമോ ;

(ഇ) എയ്ഡഡ് പദവി നൽകിയിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.